


# തുള്ളികൾ

**GHSS KOTTAPPURAM**

**LK DIGITAL MAGAZINE 23-25**

# EDITORIAL BOARD


***MUHAMMED NASEEB***

***SHAHABAS AHAMMED***

***MUHAMMED SABITH***

***NABA FATHIMA***

***FATHIMA FARHA***

***THANHA SHAMEER***

***FATHIMA OK***

***MUHJATHUL FATIMA***

***RANIYA***

# ഉള്ളടക്കം

| | | |
|---|---|---|
| 1. | റിയാന്റെ കിണർ | 6 - 8 |
| 2. | لحفاظ على المياه | 9 |
| 3. | പഴഞ്ചൊല്ലുകൾ | 10 |
| 4. | ചിരിമായാതെ | 11 - 12 |
| 5. | മഴതന്ന ഓർമകൾ | 13 |
| 6. | നിലനിൽപ്പ് | 14 |
| 7. | ജലം | 15 |
| 8. | THE CLOUD | 16 |
| 9. | WATER | 17 |
| 10. | IMPORTANCE OF WATER | 18 |
| 11. | ജലം കഥ പറയുന്നു | 19 |
| 12. | SUNSET | 20 |

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ നേതൃത്വത്തിൽ മനോഹരമായി ഒരു ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികൾ തയ്യാറാക്കുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അവരുടെ വൈവിധ്യമാർന്ന കഴിവുകൾ ഉപയോഗപ്പെടുത്തി തയ്യാറാക്കുന്ന ഈ മാഗസിൻ എല്ലാ തരത്തിലും മികച്ചതായിരിക്കും. ലേഖനങ്ങളും കഥകളും അനുഭവങ്ങളും ഉൾപ്പെടെ വിവിധ സൃഷ്ടികൾ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് വിദ്യാർത്ഥികൾ തയ്യാറാക്കുന്നത് വഴി ഗുണപരമായി ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുവാനും അതിലുപരി സങ്കേതിക വിദ്യകൾ പഠനപ്രവർത്തനങ്ങളിലേക്ക് ബന്ധിപ്പിക്കുവാനും സാധിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന അധ്യാപകരെയും സൃഷ്ടികൾ തയ്യാറാക്കിയ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം



ഡോ. വിനയകുമാർ . എം
പ്രിൻസിപ്പാൾ

കൊട്ടപ്പുറം  ഗവ: ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്
കുട്ടികളിലെ സർഗ്ഗവാസനകൾ വളർത്തുക എന്ന പ്രക്രിയയോടൊപ്പം കമ്പ്യൂട്ടർ അനുബന്ധ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അവരുടെ രചനകളെ ഡിജിറ്റലൈസ് ചെയ്യുകയും കൂടി ചെയ്യുമ്പോൾ രണ്ടു തരത്തിലുള്ള വികാസം കുട്ടികളിൽ സാധ്യമാകുന്നു .
മാഗസിനിൽ രചനകൾ തയ്യാറാക്കിയവർക്കും അവയെ ഒരു ഡിജിറ്റൽ മാഗസിൻ എന്ന രൂപത്തിലേക്ക് മാറ്റാൻ പ്രയത്നിച്ച  ലിറ്റിൽ കൈറ്റ്സ്  അംഗങ്ങൾക്കും അവർക്ക് പിന്തുണയായി കൂടെ നിന്ന ലിറ്റിൽ കൈറ്റ്സ് മിസ്ട്രസിനും അഭിനന്ദനങ്ങൾ നേർന്നുകൊണ്ട് ഈ സംരംഭത്തിന് എല്ലാ വിധ ആശംസകളും അറിയിക്കുന്നു.



**Yangtsy DB**
**Headmistress GHSS Kottappuram**

കൊട്ടപ്പുറം ഗവ: ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ് എന്നത് പ്രശംസനീയമായ ഒരു കാര്യമാണ്. എന്ത്യകൊണ്ടെന്നാൽ മാഗസിൻ നിർമാണ പ്രവർത്തന ത്തോടൊപ്പം കുട്ടികൾക്ക് IT രംഗത്ത് മികവ് നേടുന്നതിനും സാധിക്കുന്നു. മാത്രമല്ല ജലക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന പ്രദേശത്ത് ജലത്തിന്റെ മൂല്യത്തെ പറ്റി അവബോധം വളർത്തുന്ന ഒരു സന്ദേശമായി മാറാനും മാഗസിന് സാധിക്കുന്നു. സരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ ആശംസകൾ



**Sakeer Palat**
**PTA PRESIDENT**



നാൽപത്തി നാല് നദികളുള്ള കേരളത്തിൽ ജീവിക്കുന്ന നമുക്ക് വെള്ളമില്ലാതെ നരകിക്കുന്ന നാട്ടുകളെ പറ്റി ചിന്തിക്കാനാവുമോ? ഒരു ഒന്നാം ക്ലാസുകാരന്റെ സ്വപ്നം ലോകത്തിന് തന്നെ മുതൽ കൂട്ടായ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? അതാണ് റിയാന്റെ കിണർ എന്ന പുസ്തകം നമ്മോട് പറയുന്നത്. അബ്ദുള്ളക്കുട്ടി എടവണ്ണ എന്ന എഴുത്തുക്കാരന്റെ റിയാന്റെ കിണർ എന്ന പുസ്തകം ഒരു കൊച്ചു ബാലന്റെ ഇച്ഛാശക്തി കൊണ്ടും മനസ്സിൽ നിറഞ്ഞു നിന്ന നന്മ കൊണ്ടും വളർത്തിയെടുക്കുകയും ഇന്നും സജീവമായി നില നിൽക്കുകയും ചെയ്യുന്ന ഒരു മഹാപ്രസ്ഥാനത്തിന്റെ വിജയ കഥയാണിത്.

റിയാൻ റെൽജെക്ക് എന്ന ബാലൻ ഇന്ന് ലോകത്തിന് സുപരിചിതമായ ഒരു മുഖമാണ്. മനുഷ്യന് ഒഴിച്ച്കൂടാനാവാത്ത കുടിവെള്ളം എല്ലാവരിലേക്കും എത്തണമെന്ന് ചെറുപ്പം മുതൽ ആഗ്രഹിക്കുകയും അതിനുവേണ്ടി ജീവിക്കുകയും ചെയ്തവനാണ്. ആറാം വയസ്സിൽ നഴ്സറി ക്ലാസിൽ വെച്ച് ടീച്ചർ പറഞ്ഞ ഒരു സംഭവമാണ് അവന്റെ ജീവിതം മാറ്റി മറിച്ചത്.

കാനഡയിൽ പഠിക്കുന്ന റിയാൻ ആഫ്രിക്കയിലെ കുടിവെള്ള പ്രശ്നത്തെ പറ്റി ആദ്യമായി കേൾക്കുന്നത് അവിടെ വെച്ചാണ് തന്റെ പ്രായത്തിലുള്ള കുട്ടികൾ കുടിവെള്ളത്തിന് പ്രയാസപ്പെടുന്നത് അവനെ വല്ലാതെ വേദനിപ്പിച്ചു. എനിക്ക് ആഫ്രിക്കയിലെ കൊച്ചു കൂട്ടുകാർക്ക് കിണർ നിർമ്മിച്ചു നൽകണമെന്നും അതിനായി 32 ഡോളർ വേണമെന്നും അമ്മയോട് പറഞ്ഞെങ്കിലും അതിനെ തമാശയായി മാത്രമേ മാതാവ് കണ്ടുള്ളു വീട്ടിലെ ചില്ലറ ജോലികൾക്ക് പകരമായി 12 ഡോളർ തരാമെന്ന് അമ്മ സമ്മതിച്ചു. പക്ഷെ പിന്നീട് ആണ് അവന് 2000 ഡോളറെങ്കിലും വേണ്ടിവരുമെന്ന് മനസ്സിലാവുന്നത് അവൻ പിൻമടങ്ങാതെ പരിചയമുള്ള ആളുകളുടെയും ക്ലബുകളുടെയും സഹായത്തോടെ കിണർ നിർമിച്ചു. പിന്നീട് അങ്ങോട്ട് റിയാന്റെ പേരിൽ വികസ്വര രാജ്യങ്ങളിലെ കുടിവെള്ള സംരക്ഷണ ദൗത്യവുമായി

കിണർ ഫൗണ്ടേഷൻ രൂപീകരിക്കുകയും ആയിരകണക്കിന് കിണറുകൾ നിർമ്മിക്കുകയും ചെയ്തു. എത്യോപ്യ,മലാവി, താൻസാനിയ നൈജീരിയ തുടങ്ങി ആഫ്രിക്കയുടെ പല ഭാഗങ്ങളിലും "Riyan's well foundation" ശുദ്ധജലവും മറ്റ് ആരോഗ്യ പരിരക്ഷയും ലഭ്യമാക്കാനുള്ള സംരംഭങ്ങൾ നടപ്പിലാക്കി

തന്റെ നേട്ടങ്ങളെ കുറിച്ച് ആരെങ്കിലും പറയുമ്പോൾ "ഞാനൊരു സാധാരണക്കാരനാണ് ഇതൊക്കെ ആർക്കും ചെയ്യാവുന്ന കാര്യങ്ങളാണ്" എന്നാണ് റിയാൻ മറുപടി പറയുന്നത്. ഒരു ആറു വയസ്സുകാരന്റെ സ്വപ്നമാണ് ഇന്ന് ലോകത്തിലെ പലരുടെയും ജീവിതം മാറ്റിമറിക്കുന്നത് എന്ന് കേൾക്കുമ്പോൾ ഒരു കാര്യം ഉറപ്പിക്കാം . ഒരു ആറു വയസ്സുകാരന് ഇത്രയൊക്കെ പറ്റുമെങ്കിൽ നമുക്കും ചിലതൊക്കെ സാധിക്കും. റിയാന്റെ ജീവിത കഥ കുട്ടികളെ മാത്രം അല്ല ഏത് പ്രായക്കാരെയും കുറെക്കൂടി നല്ലവരാക്കി മാറ്റാൻ സാധിക്കും

**Fathima Riba M.P**
**10-A**

# لحفاظ على المياه

**لقد عاش الآلاف من دون حب**

**ولم يعيش أحد بدون**

**ماء لأن الأرض والهواء والماء**


**ليست ميراثاً من آبائنا بل قرضاً من**

**أبنائنا**



**Muhammad Naseeb km**
**9-D**

# പഴഞ്ചൊല്ലുകൾ



– പല തുള്ളി പെരു വെള്ളം

–വെള്ളത്തിൽ വിളഞ്ഞ ഉപ്പ് വെള്ളത്തിൽ തന്നെ അലിയും

–വെള്ളത്തിലാഴുന്നവന് പുല്ലും പിടിവള്ളി

–ഉപ്പു തിന്നവൻ വെള്ളം കുടിക്കും

–വെള്ളം ഉണ്ടെങ്കിലെ കര നന്നാക്കേണ്ടു

–വെള്ളം എന്നു പറഞ്ഞാൽ തീ അണയുമോ

–വെള്ളത്തിലിറങ്ങിയിട്ട് വേണ്ടേ നീന്താൻ

–കലക്കു വെള്ളത്തിൽ മീൻ പിടിക്കല്ലേ

–വെള്ളത്തിനോടും തീയോടും കളിക്കരുത്

–വെള്ളത്തിലടിച്ചാൽ വടിക്ക് കേട്

Minha Fathina
9-A

# ചിരിമായാതെ

നേർത്ത നിലാവീ
മുറിക്കുള്ളിലെത്തവേ
ഓർത്തു പോകുന്നു നിൻ
പുഞ്ചിരിയോമനേ.....
സ്വർഗ്ഗലോകത്തിരുന്നമ്മയെ
കണ്ടെന്റെ
കൺമണി മെല്ലെ
ചിരിച്ചതായീടുമോ?
അമ്മയല്ലാതെ
ആരുണ്ടതന്നാലും നീ
വല്ലാതെ വാശി പിടിച്ചു കരഞ്ഞിടും
പിഞ്ചു കയ്യാലെയണച്ചു
പിടിച്ചെന്റെ
നെഞ്ചിൽ മുഖം
ചേർത്തുറങ്ങണമെപ്പോഴും

ആരുണ്ടവിടെ നിനക്കു മാമൂട്ടുവാൻ ?
ആരുണ്ട് നെഞ്ചോടു
ചേർത്തൊന്നുറക്കുവാൻ ?
ആർത്തു വിളിച്ചു കരഞ്ഞിടുമ്പോൾ
നിന്നെ ചേർത്തുപിടിച്ചാ നെറുകിൽ
മുത്തീടുവാൻ?
അവ്യക്തമാം നിന്റെ
വാക്കുകൾക്കുള്ളിലെ
നെല്ലും പതിരും
തിരിച്ചറിഞ്ഞീടുവാൻ
പൊന്നും പൊടിക്കൊരുരുള
നൽകാതെയീ –
യമ്മയ്ക്കുറങ്ങാനുമുണ്ണാനുമാവുമോ?
നെഞ്ചകം പൊട്ടി നുറുങ്ങുന്നിതമ്മ
നിൻ
പുഞ്ചിരി കാണാൻ
കൊതിച്ചിടുന്നോമനേ.."

"വയ്യാത്ത കുഞ്ഞിതു
ജീവിച്ചിരിക്കുക്കിൽ
വല്ലായ്മ മാറാതിരുന്നിടുമെപ്പൊഴും
ഈശ്വരൻ വന്നു വിളിച്ചതാണെന്നു നീ
ആശ്വസിച്ചീടണ "മെന്നുള്ള വാക്കുകൾ
തീക്കനൽ പോലെയെൻ നെഞ്ചിൽ
വീണീടുന്നു
ആർക്കറിഞ്ഞീടുമീയമ്മതൻ വേദന
ആങ്ങളമാരുടെ
ഭാര്യമാർക്കൊക്കെയും
ഈറയാണെപ്പോഴും
മുന്നിൽ നീ ചെല്ലുകിൽ
പെറ്റമ്മ പോലുമിടയ്ക്ക് സഹിക്കാതെ
കുറ്റപ്പെടുത്തീടാറുണ്ടെന്നേയീവിധം
" അച്ഛനുപേക്ഷിച്ചു പോയൊരീ
കുഞ്ഞിനെ
കെട്ടിപ്പിടിച്ചു നിൻ ജീവിതം തീർന്നിടും ",

ഒന്നും മറുപടി ചൊല്ലാതിരുട്ടത്ത്
ചെന്ന് ഞാൻ വിങ്ങിക്കരഞ്ഞിടും നേരത്ത്
നെഞ്ചോട്ടു ചേർന്നെന്റെ കണ്ണീർ
തുടയ്ക്കാൻ
നീയല്ലാതെയാരും വരാറില്ലൊരിക്കലും
പോരുകയാണു നിൻ
കൂടെ നീയൊറ്റയ്ക്ക്
പോയതെന്തമ്മയെ
കൂടാതെയോമനേ ......
പ്രാണൻ കയറിൽ കുരുങ്ങി പിടയുമ്പോഴീ
യമ്മ തൻ നെഞ്ചിലുണ്ടൊരു പ്രാർത്ഥന:
ഇനിയൊരു ജന്മമുണ്ടെങ്കിൽ
നീയെന്നുടെ
മകളായി തന്നെ പിറക്കേണമോമനേ...."

**Bindu M**
**HST MALAYALAM**

# മഴതന്ന ഓർമകൾ

മഴ നമുക്കെല്ലാവർക്കും ധാരാളം മധുരമേറിയ ഓർമ്മകൾ സമ്മാനിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിൽ മഴ തനിക്കു തന്ന ഒരു ഓർമയാണ് ഞാനിവിടെ പങ്കുവെക്കുന്നത്. അന്ന് ഞാൻ നേരത്തേ എഴുന്നേറ്റിരുന്നു കാരണം അന്ന് June 1 ആയിരുന്നു. സ്കൂൾ തുറക്കുന്ന ദിവസം. നേരത്തേ എഴുന്നേറ്റ് കുളിച്ച് പെരുന്നാളിന് വാങ്ങിയ പുതിയ ഡ്രസ്സൊക്കെ ഇട്ട് ഞാൻ എന്റെ ഉമ്മയുടെ കൈപിടിച്ച് വീട്ടിൽ നിന്നിറങ്ങി. അന്ന് നല്ല മഴ ഉണ്ടായിരുന്നു മഴയത്ത് ഓട്ടോയിൽ കയറി സ്കൂളിൽ ചെന്നിറങ്ങി. ആദ്യമായാണ് ഞാൻ സ്കൂളിലേക്ക് പോകുന്നത്. ഞാൻ ക്ലാസ്സിലേക്ക് കയറു-മ്പോൾ ഉമ്മി എന്നെ കൂടെ ഉണ്ടായിരുന്നു. പക്ഷെ കുറച്ച് കഴിഞ്ഞ് നോക്കിയപ്പോൾ ഉമ്മി ആമഴയത്ത് എങ്ങോട്ടോ പോയി മറഞ്ഞിരുന്നു. ഒന്നാം ക്ലാസിലെ ഓർമയാണ് ഞാനി വിടെ പങ്കുവെക്കുന്നത്. ഒരുപാട് കരഞ്ഞെങ്കിലും കാര്യമുണ്ടായില്ല. ടീച്ചർ എന്നെ കൂട്ടികൊണ്ടുപോയി ഒരിടത്ത് ഇരുത്തി. അപ്പോൾ ഒരു കുട്ടി എന്നെ നോക്കി പുഞ്ചിരിച്ചു അവളായിരുന്നു പിന്നെ അങ്ങോട്ട് എന്റെ ലോകം. ആമഴക്കാലത്തുതന്നെ ഞങ്ങൾ ധാരാളം മഴയത്തിങ്ങി കളിച്ചട്ടുണ്ട് അതുകൊണ്ടുതന്നെ മഴ സമ്മാനിച്ച ഒരു ഓർമയാണ് എനിക്കിത്.



Shifna.p
9-B

# നിലനിൽപ്പ്

ജലമേ നീ എത്ര അമൂല്യമാണ്.
നിന്റെ വില മനുഷ്യർ മനസ്സിലാക്കുന്നില്ലല്ലോ
നിന്നിലൂടെയാണ് ഭൂമിയിലുള്ള എല്ലാ...
ജീവജാലങ്ങളുടെ നിലനിൽപെന്ന്
മനുഷ്യർ അറിയാതെ പോവുകയാണല്ലോ
മനുഷ്യജന്മങ്ങളുടെ പ്രവർത്തനംമൂലം
ഇല്ലാതെയാകുന്നത് എത്ര ജീവജാലങ്ങളാണ്.
ജലമേ നീ ഇല്ലാതാവുന്ന നിമിഷമാണ്
ഞങ്ങളുടെ മരണവും
നീ വറ്റിതടങ്ങുന്ന നിമിഷം
ഞങ്ങളും ഇഞ്ചിഞ്ചായി മരിക്കാൻ തുടങ്ങും
നിയെത്ര അമൂല്യമുള്ളതാണോ
അത്ര മൂല്യമുളള്ളതാണ് ഞങ്ങളുടെ
ജീവന്റെ ഈ നിലനിൽപ്പ്.
ഇനിയൊരു യുദ്ധമുണ്ടെങ്കിൽ
അത് നീ കാരണമായിരിക്കും.

**Aparnna.o**
**9-B**

# ജലം

മനുഷ്യന് ഭൂമിയിൽ ജീവിക്കാൻ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യ ഘടകമാണ് ജലം. ഭൂമിയുടെ മുക്കാൽ ഭാഗവും ജലമാണെങ്കിലും ശുദ്ധ ജലം വളരെ കുറവാണ് അതുകൊണ്ട് തന്നെ ജലം നമ്മൾ സൂക്ഷിച്ച് ഉപയോഗിക്കണം. ഇന്ത്യയിലെ പല പ്രദേശങ്ങളിലും ഇന്ന് ശരിയായ രീതിയിൽ മഴ ലഭിക്കുന്നില്ല. ശുദ്ധജലത്തിന് വേണ്ടി വളരെ ബുദ്ധിമുട്ടുന്നു. എന്നാൽ കേരളത്തെ നോക്കുകയാണെങ്കിൽ ജലത്തിന് വലിയ ബുദ്ധിമുട്ടില്ല, കാരണം കേരളത്തിൽ ധാരാളം പുഴകളും തോടുകളും അണക്കെട്ടുകളുമുണ്ട്. മാർച്ച് മെയ് മാസത്തിലാണ് മഴക്ഷാമവും ജലത്തിന് ബുദ്ധിമുട്ട് നേരിടുന്നത്. കേരളത്തിലെ മിക്ക ജില്ലകളിലും മഴ സുലഭമായി ലഭിക്കുന്നു.



കേരളത്തിലെ ജനങ്ങൾ ശുദ്ധ ജലം ലഭിക്കാനായി ക ിണർ കുത്തുകയാണ് പതിവ്. എല്ലാ വീടുകളിലും ഒരു കിണറെങ്കിലും ഉണ്ടാകും. ഇപ്പോൾ ഇവിടെയെല്ലാം പുതിയ ജല സംരക്ഷണപദ്ധതികൾ വന്നു തുടങ്ങിയിട്ടുണ്ട്. മഴ വെള്ളം സംഭരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നു, പക്ഷെ പലരും ഇന്ന് ജലത്തിന്റെ ആവശ്യഗത മനസ്സിലാക്കാതെ അത് ദുരുപയോഗം ചെയ്യുകയാണ്.

**Fathima Radna -VT**
**9-C**

# THE CLOUD

**When they ask you why you love the rain,the ocean,the river tell them**

**It is because**

**unlike the people**

**who should have**

**loved you better**

**the water was never afraid**

**to touch you,**

**even when you were**

**at your most damaged and broken time**

**Jada sadik**
**9-A**

# WATER

If there is no water to drink

There won't be any eyes left to blink

If there isn't any drop of water

There won't be sound of laughter

If there isn't water or a wave

There won't be life to evolve

If there is no water left to flow

There won't be a tomorrow

Just a little drop of water may seem silly

But it is why we are still happy

Therefore we should save it

For our own merit

**sana mariyam**
**9-A**

# IMPORTANCE OF WATER



**1-Water is the most important liqiud on earth.**

**2-All plants and animals need water to live.**

**3-We need clean drinking water to stay healthy.**

**4-Water helps to keep our tempreture normal**

**RANIYA**
**9-D**

# ജലം കഥ പറയുന്നു

ഞാൻ ജലം... നിങ്ങൾ വെള്ളം എന്ന് പറയുന്നു എനിക്ക് നിങ്ങളോട് കഥ പറയാനുണ്ട്.. ആ ചെറിയ കഥ പറയട്ടെ .. മഴക്കാലം ആയാൽ പണ്ട് മുതലെ മലകളിൽ നിന്ന് ഞാൻ പുഴകളിലേക്ക് നദികളിലൂടെയും തോടുകളിലുടേയും ഒഴുകി അറബിക്കടലിൽ എത്തുമായിരുന്നു.ഇപ്പോഴുള്ളതിനേക്കാൾ അധികമായി ഞാൻ ഇറങ്ങിവരുമായിരുന്നു. ഇതിനേക്കാൾ ശക്തമായി ഇടിമിന്നലോടെ ആരെയും അധികം ബുദ്ധിമുട്ടിക്കാതെ എത്തേണ്ടിടത്ത് ഞാൻ എത്തുമായിരുന്നു. കാർമേഘങ്ങൾക്കിടയിൽ ശ്വാസം മുട്ടുമ്പോൾ, ഇവിടത്തെ പച്ചപ്പ് കുടി കണ്ടുകഴിയുമ്പോൾ താഴേക്ക് ഇറങ്ങി വരാതിരിക്കാൻ കഴിയുകയില്ല. ഇടയ്ക്കൊക്കെ ഞാൻ വന്ന് നിങ്ങളെ മുഖം കാണിച്ച് പോയത് നിങ്ങളുടെ കഷ്ടത കണ്ടതുകൊണ്ടാണ്. ഈ കാർമേഘങ്ങൾക്കിടയിൽ അധികം എന്നെ കൊണ്ട് പിടിച്ച് നിൽക്കാൻ പറ്റില്ല. അതുകൊണ്ടാണ് പഴയതു പോലെ ഇപ്രാവശ്യവും നിങ്ങളുടെ അടുക്കലേക്ക് വന്നത്. എന്റെ വരവിനെ നിങ്ങൾക്ക് തടയുവാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾ എന്നെ കൂടുതലായി ഭയപ്പെടുന്നതിന്റെ കാരണം.. ഇപ്പോഴത്തെ പ്രമാണിമാർ അഥവാ നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ രാഷ്ട്രീയക്കാർ പണത്തോടുള്ള ആർത്തി മൂത്ത് ക്വാറികൾ എന്ന ബിസിനസ്സ് സാമ്രാജ്യം ബിനാമികളിലൂടെ കെട്ടിയുയർത്തി, എന്നെ ഒഴുകാനും എല്ലാ കാര്യത്തിനും സഹായിച്ചിരുന്ന മലനിരകളെ ഇടിച്ചു നിരത്തി പൊടികളും പാറകഷ്ണങ്ങളുമാക്കി വിറ്റു എനിക്ക് ഒഴുകുവാൻ വേണ്ടി നിങ്ങളുടെ ശബ്ദം ഉയരട്ടെ.നിങ്ങളുടെ ശബ്ദം ഉയർന്നാലും ഉയർന്നില്ലെങ്കിലും ഞാൻ വരും നിങ്ങൾ പ്രതിക്ഷിക്കാതെ തന്നെ. നിങ്ങളുടെ നഷ്ടം നിങ്ങൾക്ക് മാത്രം. ദൈവമൊഴികെ ആര് വിചാരിച്ചാലും എന്നെ തടയുവാൻ കഴിയുകയില്ല. നിർത്തട്ടെ

നിങ്ങളുടെ സ്വന്തം

" ജലം" .....

**MUHJATHUL**
**9-D**

# SUNSET

**I thought you would stay**
**like an eternal love.**
**The flowers that bloomed**
**The wind that danced**
**The leaves that rustled in it,**
**cried in the betrayal**
**When I saw you in**
**the golden sheet**
**when I admired you**
**for your beauty**
**I didn't know that**
**It was a good bye**
**I was thrown**
**into a dark pit**
**Where I cried**
**Like a lost**
**with my broken heart**
**Until I caught you hiding**
**between the hills**
**The happy tears**
**fell from my eyes**
**like a waterfall**
**You came to my**
**colourless world**
**as a rainbow**
**I knew you would come**
**like an eternal love**

**SALEENA HST**
**ENGLISH**

ശുഭം...